**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6857** **21-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് താലൂക്ക് പരിധിയിൽ സർവേയർമാരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്ക് പരിധിയിൽ സർവേയർമാരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ആയതിൽ എത്ര പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; | (എ) | കോഴിക്കോട് താലൂക്ക് പരിധിയിൽ 12 സർവെയർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 2022ലെ പൊതു സ്ഥലംമാറ്റം പ്രകാരം 3 തസ്തികകളിൽ ഒഴിവു വന്നിട്ടുണ്ട്. നിലവിൽ വിവിധ സ്പെഷ്യൽ സർവെ ജോലികൾക്കായി ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള 8 പേരുൾപ്പടെ 17 സർവെയർമാരുണ്ട്. |
| (ബി) | സർവേയർമാരുടെ കുറവ് മൂലം വിവിധ പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | കോഴിക്കോട് ജില്ലയിൽ സർവ്വെയർമാരുടെ അഭാവമുണ്ടെങ്കിലും ജോലിക്രമീകരണ വ്യവസ്ഥയിലൂടെ വേണ്ട ക്രമീകരണം നടത്തിയിട്ടുള്ളതിനാൽ പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾക്ക് ഇതുവരെ കാലതാമസം നേരിട്ടില്ല. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥലമേറ്റടുപ്പ് ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടർമാരുടെ ആവശ്യാനുസരണം റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും കൂടുതൽ സർവ്വെയർമാരെ നിയോഗിച്ച് പരമാവധി വേഗത്തിൽ പ്രസ്തുത ജോലികൾ നിർവ്വഹിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ